ശ്രീ. ടി. വി. തോമസ്: കാലു കഴയ്ക്കുന്നതുകൊണ്ട് അങ്ങനെ വരാം.

ശ്രീ. പി. എം കുഞ്ഞിരാമൻ നമ്പ്യാർ: 'കഴിക്കുക' എന്നു പറഞ്ഞാൽ മദ്യപാനം നടത്തുകയെന്നാണെന്ന ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇങ്ങനെ ചോദിച്ചതാണ്.

ശ്രീ. എം. നാരായണക്കുറുപ്പ്: ഓവർസീയർ പീഡു നിയന്ത്രിക്കുന്നതിനു വേണ്ടി, കൂടുതൽ സ്ഥലത്ത് അതായതു സമയത്തു വണ്ടി എത്തുന്നുണ്ടോ എന്നു പരിശോധിക്കാൻ വ്യവസ്ഥ ചെയ്യുമോ?

ശ്രീ. ടി. വി. തോമസ്: എല്ലാ ചെക്കിംഗ് പ്രദേശത്തും ഇപ്പോഴും തന്നെ വണ്ടി പുറപ്പെടുന്നതും, ചെന്നെത്തുന്നതുമായ സമയം പരിശോധിക്കുന്നുണ്ട്. ബാക്കിയുള്ള സ്ഥലത്തു സ്പീഡുഗവർണ്ണർ ഏർപ്പെടുത്തി ഇതിനു പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്.

(ചോദ്യം മുഴുവൻ കഴിഞ്ഞപ്പോഴും ആദ്യം ഹാജരില്ലാതിരുന്ന മെമ്പറന്മാരുടെ ചോദ്യങ്ങളും വിളിച്ചു.)

ട്രഷറിയിലുള്ള ജീവനക്കാരുടെ ഓവർടൈം ജോലി.

* 1679. [9] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ സാമ്പത്തിക വർഷത്തിന്റെയും ആദ്യത്തെ ഒന്നും, രണ്ടും, മൂന്നും ദിവസങ്ങളിൽ സംസ്ഥാനത്തിലെ എല്ലാ ട്രഷറികളിലുമുള്ള ഗവണ്മെന്റ് ജീവനക്കാർ ഓവർടൈം ജോലി ചെയ്യേണ്ടിവരുന്ന സ്ഥിതിവിശേഷം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള ഓവർടൈം ജോലിക്ക് ഈ ജീവനക്കാർക്ക് എന്തെങ്കിലും പ്രത്യേകമായ ആനുകൂല്യം നൽകിവരുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം ഗവണ്മെന്റ് പരിഗണിക്കുമോ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഇല്ല.

(ബി, സി) 'എ'-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

മെമ്പർ ചോദ്യത്തിൽ ഉദ്ദേശിച്ചിട്ടുള്ളതു സല്പേരു വ്യത്യസ്തരീതിയിലാണെന്നു തോന്നുന്നു. പക്ഷേ, സാമ്പത്തിക വർഷത്തിന്റെ അവസാനദിവസങ്ങളിലാണ് ജോലിത്തിരക്കുണ്ടാകുന്നതു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സാമ്പത്തികവർഷത്തിന്റെ അവസാനദിവസങ്ങളിലെന്നപോലെ മറ്റു ചില ദിവസങ്ങളിൽ മുഴുവൻ കണക്കു തയ്യാറാക്കുന്നതിനും മുഴുവൻ പണം കൊടുക്കുന്നതിനും അവർ ഓവർടൈം ജോലി ചെയ്യുവരുന്നുണ്ട്. അതിനെപ്പറ്റി അവർ നിവേദനം സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: നിവേദനം സമർപ്പിച്ചിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: ജോലി അധികമുള്ള ദിവസം പറഞ്ഞു. ജോലിക്കുറവുള്ള ദിവസമില്ലേ?

ശ്രീ. സി. അച്യുതമേനോൻ: ഇടയ്ക്ക് അല്പം കാണും.

LIBRARY ARCHIVES Kerala Legislative Assembly